**DEEPIKA**

**Ayurveda entices elderly Germans**

Date: **13-03-2012** | Edition: **All Kerala** | Page No: **9** | Clip size (cm) - W: **16.5** H: **9**

---

# ജർമനിയിൽ 50 വയസു കഴിഞ്ഞാൽ ആയുർവേദത്തോടു പ്രിയം

തിരുവനന്തപുരം: യൂറോപ്പിൽ ഏറ്റവും പ്രായാധിക്യഭീഷണി നേരിടുന്ന ജർമനിയിൽ ആയുർവേദത്തോടു പ്രിയമേറുന്നു. കഴിഞ്ഞയാഴ്ച മ്യൂണിക്കിൽ നടത്തിയ 'ആയുർവേദം:ജീവിതശൈലിയോ ഔഷധമോ' എന്ന ശില്പശാലയിൽ വനിതകൾക്കു വേണ്ടിയുള്ളതടക്കം പ്രമുഖ മാധ്യമങ്ങളുടെ പ്രതിനിധികളും ടൂർ ഓപ്പറേറ്റർമാരും ഹെൽത്ത്, ഫിറ്റ്നസ് ക്ലബ്ബുകളുടെ പ്രതിനിധികളും പങ്കെടുത്തു.

ജർമനിയിൽ ആയുർവേദത്തോടു വർധിച്ചുവരുന്ന താല്പര്യം കണക്കിലെടുത്താണ് അവിടെ ആയുർവേദം അവതരിപ്പിക്കാൻ തീരുമാനിച്ചതെന്ന് സംസ്ഥാന വിനോദസഞ്ചാര മന്ത്രി എ.പി.അനിൽകുമാർ പറഞ്ഞു.



ആയുർവേദത്തെക്കുറിച്ച് മ്യൂനിക്ക് സേവാ അക്കാദമിയിൽ നടത്തിയ ശില്പശാലയിൽ ടൂറിസം ഡയറക്ടർ റാണി ജോർജ് പ്രസംഗിക്കുന്നു.

കേരളത്തിൽ ആയുർവേദ ചികിത്സയ്ക്കെത്തുന്ന വിദേശികളിൽ ഏറ്റവും കൂടുതൽ പേർ ജർമനിയിൽനിന്നാണെന്ന് സംസ്ഥാന ടൂറിസം ഡയറക്ടർ റാണി ജോർജ് ചൂണ്ടിക്കാട്ടി.

യൂറോപ്യൻ ആയുർവേദ അക്കാദമി സിഇഒ. മാർക്ക് റോസൻബർഗ്, ആയുർവേദ ഡോക്ടറും സ്പോർട്സ് മെഡിസിൻ വിദഗ്ധനുമായ ഡോ.ഡെറ്റ്ലഫ് ഗ്രണെർട്ട്, ആയുർവേദ തെറാപ്പിസ്റ്റും ചികിത്സാമേഖലയിലെ വിവിധ വിഭാഗങ്ങളെക്കുറിച്ചു പഠനം നടത്തുന്ന വ്യക്തിയുമായ സിൽവീ പെയ്പ്പ് തുടങ്ങിയവർക്കു പുറമെ ജർമനിയിലെ പ്രമുഖ ആയുർവേദ ഡോക്ടർമാരായ എലിൽ ജീവൻ, പ്രഭാ ബുക്കാർഡ് തുടങ്ങിയവരും ശില്പശാലയിൽ പങ്കെടുത്തു.